

**എന്റെ പണിപ്പുര**

ഇടശ്ശേരി

1

# എന്റെ പണിപ്പുര

ഇടശ്ശേരി

ഒരു സാഹിത്യകൃതി ഉടലെടുക്കുന്നതിനുമുമ്പ് പല ഘട്ടങ്ങളെയും തരണം ചെയ്തു പോരേണ്ടതുണ്ട്. ഇതിൽ ആദ്യഘട്ടങ്ങളെ അത്രയൊന്നും സൂക്ഷ്മമായി വിശകലനം ചെയ്യാൻ വയ്യ. അവിടെ എന്റെ മനസ്സു ചരിക്കുന്നത് യുക്തിയുക്തമായ ചിന്താസരണിയിലല്ല, സീമ കാണാത്ത മനോരാജ്യത്തിന്റെ വഴിയില്ലാവഴികളിലാണ്. മനസ്സിനെ വികാരതരള മാക്കുന്ന ഒരു ഹേതുവുദിക്കുന്നു. ഈ ഹേതുവുണ്ടായത് മറ്റൊരു കാവ്യം ആസ്വദിച്ചതിൽ നിന്നാവാം, അറിവിൽപ്പെടുന്ന ഏതെങ്കിലും സംഭവത്തിൽ നിന്നാവാം, വിചിത്രമായ ഒരു സ്വാനുഭവത്തിൽ നിന്നാവാം, ഒരു ദൃശ്യം, ഒരു നാദം, ഒരു സൗരഭം ഇവയാൽ ഉണർത്തപ്പെടുന്ന ഏതെങ്കിലും സ്മരണയിൽ നിന്നുമാവാം. മനസ്സിനെ അന്തർമുഖമാക്കുന്ന പലതുമുണ്ട്. ഇവയിൽ ഏതും ഇപ്പറഞ്ഞ ഹേതുവായി വർത്തിച്ചേക്കാവുന്നതാണ്.

മനസ്സ് വികാരഭരിതമായി, അത് അന്തർമുഖവുമായി; എങ്കിൽ അതൊരു കവന ഖണ്ഡമായി വികസിക്കുമോ? എങ്കിൽ എത്ര നന്നായിരുന്നു! ഞാനിപ്പോൾ പത്തു മഹാഭാരതത്തോളം വലുപ്പത്തിലുള്ള കവിതാസമാഹാരം തീർത്തുകഴിഞ്ഞിരിക്കും. പക്ഷേ, അത്തരം സന്ദർഭങ്ങളിൽ ഒരിച്ഛാശക്തികൂടി പ്രവൃത്തിക്കേണ്ടതായിട്ടുണ്ട്. കവിത രചിക്കണമെന്ന, സൃഷ്ടിചെയ്യണമെന്ന അടക്കാനാവാത്ത മോഹം. എങ്കിലേ അജ്ഞേയത യുടെ ഗർത്തത്തിൽനിന്ന് കവിതയ്ക്കുവേണ്ട അയിർമണ്ണുമായി മനസ്സ് ഉയർന്നുവരൂ.

ഈ പതനത്തിലെത്തുമ്പോഴേക്ക് മുമ്പു പറഞ്ഞതുപോലെ ക്ലിപ്തമായ അതിരും വരമ്പു മിടാനാവാത്ത നിരവധി ഘട്ടങ്ങൾ കഴിഞ്ഞിരിക്കും. ഈ ഘട്ടങ്ങളെക്കുറിച്ച് ഒരാത്മാവിന്റെ ഏകാഗ്രമായ ചിന്ത എന്നു പറയുന്നതിലധികം ഏകാന്തമായ സ്വപ്നം എന്നു വ്യവഹരിക്കയാവും ഉചിതം. അത് വിവരണവിധേയമല്ല, തികച്ചും ബോധപൂർവമാണെന്നും തോന്നുന്നില്ല. തികച്ചും എന്നതിന് ഒരടിവരയിടട്ടെ; കാരണം വികാര വിവേകങ്ങൾ പ്രവർത്തിക്കാത്ത ഒരവസ്ഥയിലല്ല അതു സംഭവിക്കുന്നത്. പക്ഷെ ഒരാളെ ദുശീല ക്കാരനാക്കി മാറ്റത്തക്കവണ്ണം സ്വൈരക്കേടുകളും ഉൽക്കണ്ഠകളും നിറഞ്ഞ കാല ഘട്ടമാണത്. എപ്പോഴത്തേക്കാളധികം ഏകാന്തത ആവശ്യപ്പെടുന്നതും നിരുപയോഗപ്പെട്ടു പോകുന്നു എന്ന് തോന്നിക്കുമാറ് നിഷ്ക്രിയവുമായ മുഹൂർത്തങ്ങൾ. ചിലപ്പോൾ ദിവസങ്ങളോളം നീണ്ടു നിൽക്കുന്നതും എന്തിനേക്കുറിച്ചെന്ന് വ്യക്തമല്ലാത്ത അസ്വസ്ഥതകൾ അനുഭവിക്കുന്നതും ആയ ആ കാലഘട്ടത്തിന്ന് ഒരു സവിശേഷതയുള്ളത്, മറ്റൊരിക്കൽ ചിന്തിക്കുമ്പോൾ ആ കാലഘട്ടം ആവർത്തിക്കപ്പെടുവാൻ ആഗ്രഹിച്ചു പോകുന്നു എന്നുള്ളതാണ്. മധുരമായ വേദനയെന്നോ, ആസ്വാദ്യമായ ദുഃഖമെന്നോ പറയാനാണ് തോന്നുന്നത്. ഏതായാലും ഇപ്പറഞ്ഞതെല്ലാം ഒരു പണിപ്പുരയുടെ അപ്പുറത്തുള്ളതാണെന്ന് സൂചിപ്പിക്കേണ്ടിയിരിക്കുന്നു.

ഏതോ അഗാധതയിൽനിന്ന് എന്റെ മനസ്സ് വാരിക്കൊണ്ടുവന്ന ഒരു കുടന്ന അയിർമണ്ണു മായിട്ടാണ് ഞാൻ പണിപ്പുരയിൽ പ്രവേശിക്കുന്നത്. ഇനി എന്തെല്ലാം ബഹളങ്ങൾ ഉണ്ടായാലും ഞാൻ ഇതിൽനിന്ന് എന്തെങ്കിലും ഒന്ന് വാർത്തെടുത്തേ നിൽക്കൂ. പുറമേ ഒരു നൂറുകാര്യങ്ങളിൽ പ്രവേശിക്കേണ്ടി വന്നാലും, – അങ്ങിനെ വരാറുണ്ട് – അവയ്ക്ക് വേണ്ടേടത്തോളം മാത്രം ശ്രദ്ധയെ തിരിച്ചുവിട്ട് എന്റെ മനസ്സ് കയ്യിൽ കിട്ടിയ അസംസ്കൃത ലോഹത്തെ ഉരുക്കിയും കരുപ്പിടിച്ചും അതിനോടൊപ്പം കഴിഞ്ഞു കൂടിക്കൊള്ളും. ആയിരം ഗൃഹകാര്യങ്ങൾ നിർവഹിക്കുന്ന വീട്ടമ്മ സ്വന്തം കുഞ്ഞിനടുക്കൽ തന്നെ കഴിഞ്ഞുകൂടുന്നതു പോലെ.

ഒരു ചെറിയ വിശദീകരണം ആവശ്യമായിരിക്കുന്നു. കയ്യിൽ കിട്ടിയത് കേവലം അയിർമണ്ണാണോ? ഈ രൂപകാതിശയോക്തിക്ക് ഒരു രൂപകാതിശോക്തിക്ക് വേണ്ടിട ത്തോളം സാധർമ്മ്യമില്ല. കാരണം, എനിക്ക് കൈവന്നിട്ടുള്ളത് കവിതയ്ക്ക് പറ്റിയതും കലങ്ങി മറിഞ്ഞതുമായ ഒരു വിഷയം മാത്രമാണെന്ന് സമ്മതിക്കുന്നതോടുകൂടിത്തന്നെ കവിതയായി രൂപപ്പെടുത്താൻ വെമ്പുന്ന മനസ്സിന്റെ താളാത്മക സ്വഭാവത്തിന് തികച്ചും വിധേയമായി ക്കഴിഞ്ഞതും പലപ്പോഴും ആദ്യത്തെ പൊടുപ്പിലെ കുരുന്നിലകൾപോലെ ഒന്നോ രണ്ടോ ഈരടികൾ രൂപപ്പെട്ടു കഴിഞ്ഞതുമായിരിക്കാം. എനിക്കു കൈവന്നിട്ടുള്ളത് സംഘട്ടന സ്വഭാവമുള്ള വിഷയത്തെ അതിന്റെ മൂർദ്ധന്യത്തിലെത്തിക്കുന്ന ചിലതു പറയുന്നതോടുകൂടി തികച്ചും മുഖച്ഛായ വീഴുന്ന ഒരു കഥാപാത്രത്തിന്റെ ഛായയാവാം.



**എന്റെ പണിപ്പുര**

ഇടശ്ശേരി

2

ഏതായാലും പിന്നീട് ഞാനുണ്ടാക്കിയത് എന്നു വിളിക്കപ്പെടാനുള്ള ഒരു വസ്തുവിന്റെ ആദിമദ്ധ്യാന്തങ്ങളുടെ ഒരു മങ്ങിയ ബോധമെങ്കിലും ഉണ്ടാക്കാൻ മാത്രം വ്യക്തമായ ഒരു പ്രത്യക്ഷീകരണമാണത്. അതിനെ അയിർമണ്ണെന്ന് വിളിക്കുന്നതിൽ അർത്ഥമില്ല, എന്റെ സങ്കല്പത്തിനുതന്നെ തികച്ചും വ്യക്തമല്ലാത്തതും രൂപഭേദം കൊള്ളുന്നതിന് വിരോധമില്ലാത്തതുമായ ആ അവസ്ഥാവിശേഷ ത്തിൽ അതിനെന്തു പേരിടണമെന്ന് എനിക്കറിയില്ലാ എന്നു പറയുന്നതാവും ശരി.

'പുത്തൻകലവും അരിവാളും' എന്ന കൃതി എന്റെ പണിപ്പുരയിൽ എങ്ങിനെയിരുന്നു എന്ന് ഓർമ്മിച്ചു നോക്കുകയാണ്. രണ്ടു ചോദ്യങ്ങൾ ആ രണ്ടു ചോദ്യങ്ങളെ ശക്തിയോടുകൂടി നിബന്ധിക്കാൻ പാകത്തിൽ ഒരു ഇതിവൃത്തം എന്നല്ലാതെ, അതിലെ കഥയ്ക്ക് മറ്റു വിശേഷമൊന്നുമില്ല. എന്നിട്ടും എന്തിനെന്നറിയാതെ, കുറേ ദിവസം എന്റെ മനസ്സ് അസ്വസ്ഥ മാവുകയും അതേ ചോദ്യങ്ങളെത്തന്നെ താളാത്മകമായ രീതിയിൽ ആവിഷ്കരിച്ചുകൊണ്ട് ഉയർന്നു വരികയും ചെയ്തപ്പോൾ ആ ചോദ്യങ്ങൾ മാത്രമല്ല, അവയ്ക്കു പിന്നിൽ ഞാൻ മുമ്പു പറഞ്ഞതുപോലെ ആദിമദ്ധ്യാന്ത ദർശനത്തിൽ നിന്ന് പൂർണരൂപബോധമുണ്ടാക്കി ക്കൊണ്ടുള്ള ആ മുഴുവൻ കാവ്യവുമുണ്ടായിരുന്നു.

'ആരേ പോയ പുകിൽക്കീ പാട-
ത്തരിമയോടാരിയൻ വിത്തിട്ടൂ'

ഈ വരികളെ തുടർന്ന് എന്റെ മനസ്സിലുണ്ടായിരുന്നത് അവയുടെ ചുവടെ തുടർന്ന് അച്ചടിച്ചു കാണുന്ന വരികളല്ല.

ആരേ കൊയ്ത്തു കഴിച്ചതീയാണ്ടിൽ
കോമൻ വിളയിച്ച പൊന്നാര്യൻ?

എന്ന, കാവ്യത്തിൽ മറ്റൊരുഭാഗത്ത് നിബന്ധിച്ചിട്ടുള്ള വരികളാണ്. ഞാൻ പിരിച്ചകറ്റിയ ഈ ഈരടികൾക്കിടയിൽത്തന്നെ കോമനും കൃഷിനിലവും കുടുംബവും എല്ലാം ഉണ്ടായിരുന്നു.

മറ്റൊരു കവിതയെപ്പറ്റിക്കൂടെ ഞാനിവിടെ സ്മരിക്കട്ടെ? ഈ കവിത 'അളകാവലി' എന്ന സമാഹാരത്തിൽ ചേർത്തതാണ്.

'എൻ കടമിഴിമാത്രമേ പാടുള്ളൂ
പൂങ്കവിളിതിൽക്കുങ്കുമം പൂശുവാൻ
വേറോരാൾക്കും തരപ്പെടായ്കീനിന്നുൾ-
ത്താരണിമണംചേർന്ന കാറ്റുണ്ണുവാൻ
കിട്ടിപ്പോകരുതന്യർതൻ കർണങ്ങൾ-
ക്കൊട്ടുമിമ്മലർതൂകും വചോമൃതം.
ഒന്നുകൂടി: ഇമ്മയ്യണിക്കണ്ണുമ
എന്നുമെന്നിലേ ചാഞ്ഞണഞ്ഞീടാവൂ
പ്രേമലേഖനം കുറിക്കുവാനാകിലും
പേശലം മൂർച്ച കൂട്ടുവാനാകിലും'

ഇത്രയും വരികൾ എഴുതിക്കഴിഞ്ഞശേഷമേ എന്റെ സലങ്കല്പത്തിന്ന് ആ കവിതാഖണ്ഡ ത്തിന്റെ രൂപം പിടികിട്ടിയുള്ളൂ. പിന്നീടാണ് ആദ്യത്തെ വരികൾ 'പോകപോകനാ,മോമലേ ജിജ്ഞാസു ലോകസീമയെപ്പിന്നിട്ടു പിന്നേയും' എന്നു തുടങ്ങുന്നവ എഴുതിച്ചേർത്തത്.

ഇതിലിടയ്ക്ക്, 'വന്നപാട്ചന്ത'ത്തിൽ ഞാനൊരു കവിതയെഴുതി പ്രസിദ്ധപ്പെടുത്തി യിട്ടുണ്ടോ? ഓർമ്മയില്ല. ഉണ്ടാവാൻ ഇടയില്ല. എനിക്കു പറയാനുള്ളതെല്ലാം അടുക്കും ചിട്ടയും കൂടാതെ, പല ഭാഗവും അനലംകൃതമാകയാൽ അരമ്യമായിത്തന്നെ എഴുതിപ്പോവുകയാണ്. എന്റെ കൃതികൾ അധികവും കഥാത്മകങ്ങളായതുകൊണ്ട് കഥകൾക്കാവശ്യമായ രംഗങ്ങ ളുടേയും പാത്രങ്ങളുടേയും കാര്യത്തിലേ ആദ്യം ശ്രദ്ധ പതിയാറുള്ളൂ. ഒരൊഴുക്കിൽ എഴുതി പ്പോയത് തികച്ചും ബോധപൂർവ്വം പരിശോധിക്കുകയും പലതിന്റേയും ആകൃതി മാറ്റുക, ചിലതിന്റെ സ്ഥാനം മാറ്റുക, മറ്റു ചിലതിന്ന് മോക്ഷം കൊടുക്കുക ഇങ്ങിനെ ബുദ്ധിപരമായ പലതിന്നും വിധേയമാക്കുകയും ചെയ്ത ശേഷമേ ബഹുജനസമക്ഷം പ്രദർശിപ്പിക്കാറുള്ളൂ.

ഒരു സാഹിത്യസൃഷ്ടി നടന്നുകൊണ്ടിരിക്കുമ്പോൾ എത്രമാത്രം നിരൂപണബുദ്ധി ചെലുത്താം? അധികമായാൽ നന്നല്ലെന്നാണ് അനുഭവത്തിൽനിന്ന് പറയാനുള്ളത്. കുളിപ്പിച്ചു കുളിപ്പിച്ചു കുട്ടിയില്ലാതായ സന്ദർഭങ്ങളെക്കുറിച്ച് ഖേദിക്കേണ്ടിവന്നിട്ടുണ്ട്. അതുകൊണ്ട്



# എന്റെ പണിപ്പുര

ഇടശ്ശേരി



ഗുണദോഷവിവേചനബോധമുണ്ടാകരുതെന്നല്ല വിവക്ഷിക്കുന്നത്. മറ്റു കാര്യങ്ങളിലെന്ന പോലെ ഇക്കാര്യത്തിലും ഒരു മദ്ധ്യവർത്തിത്വം സ്വീകരിക്കുകയാണ് ഞാൻ പതിവ്.

സ്വന്തം കവിതാനിർമ്മാണവേളയിൽതന്നെ കുറച്ചു നിരൂപണ ബുദ്ധി ചെലുത്താൻ എന്നെ പ്രേരിപ്പിച്ചത് എന്റെ ചില കവിസുഹൃത്തുക്കളാണ്. കൃതജ്ഞതപൂർവ്വം ഞാനവരെ സ്മരിക്കുന്നു. ചെറുപ്പത്തിൽ ഞങ്ങൾ പുതുതായി എഴുതിയ കവിതകൾ ഒന്നിച്ചിരുന്ന് വായിക്കുകയും നിർദ്ദയമായവിധം നിരൂപണം ചെയ്യുകയും പതിവായിരുന്നു. ഒരിക്കൽ 'പ്രേമോപഹാരങ്ങൾ' എന്ന കവിത എഴുതിയപാട് ഞാനവരെ വായിച്ചു കേൾപ്പിച്ചു. അതിലെ പല വരികളും അവരെന്നെ ക്കൊണ്ട് മാറ്റി എഴുതിക്കുകയുണ്ടായി. അതിൽ രണ്ടു വരികളുടെ കഥ അവിസ്മരണീയമാണ്. നായികയുടെ പല പ്രവൃത്തികളെ പരാമർശിച്ച് അവ പ്രേമചേഷ്ടകളാണോ അല്ലയോ എന്ന് നിർണയിക്കാൻ കഴിവറ്റ നായകൻ പണ്ടും അവൾ ഇങ്ങിനെത്തന്നെയാണ് എന്നു പറയുന്ന ഭാഗമാണ്. ഒരു പത്തു തവണയെങ്കിലും ആ വരികൾ മാറ്റി മാറ്റി എന്റെ സ്നേഹിതന്മാരെ ഞാൻ കേൾപ്പിച്ചു. ഓരോന്നും അവരുടെ പരിഹാസത്തിന്നും ജാള്യജനകമായ എന്റെ ശുണ്ഠിക്കും ആഴം കൂട്ടാനേ ഉപകരിച്ചുള്ളു. രണ്ടോ മൂന്നോ മണിക്കൂർ ആ കവിതമേൽ ചിലവാക്കി ഞങ്ങൾ പിരിഞ്ഞു. ആ രണ്ടു വരികൾ പരിവർത്തനവിധേയമല്ലെന്ന് ഒരു മഹാകവിയുടെ നാട്യം കടം വാങ്ങി ഞാനും, എങ്കിൽ അത് അസ്സലൊരു കുരങ്ങാവുമെന്ന് സ്നേഹിതരും വിധി കല്പിച്ചു. ഉച്ചയ്ക്ക് ഒരു ഊണ് എന്റെ സ്വഭാവം നന്നാക്കിയപ്പോൾ ശരിക്കു വേണ്ട വരികൾ വാർന്നുവീണു.

'പണ്ടുമീമട്ടുണ്ടൊന്നു വിരിയാൻ തന്നോമന–
ച്ചുണ്ടി:ലതാൺപൂവെന്നോ വയ്യോതാൻ പെൺപൂവെന്നോ!'

ഒരിക്കൽകൂടി നന്ദിപറയട്ടേ, ആ ഭയങ്കരന്മാർക്ക്, അവരത് 'അപ്രൂവ്' ചെയ്തുതന്നു.

പ്രതിപാദ്യവിഷയം താളാത്മകതയോടെ, ഈരടികളായി വാർന്നു വീഴുമ്പോൾ സ്വാഭാവിക മായും ഞാനവയെ ഇഷ്ടപ്പെട്ടുപോകുന്നു. ഇതര സാഹിത്യരൂപങ്ങളേക്കാളധികം തങ്ങൾ ഓമനിക്കപ്പെടണമെന്ന ഒരു ഭാവമുണ്ട് കവിതകൾക്ക്. കനത്ത വ്യാകരണത്തെറ്റോ നേർത്ത അനൗചിത്യശങ്കയോ ഇല്ലെങ്കിൽ ഞാനവയെ മാറ്റാൻ ഇഷ്ടപ്പെടുകയില്ല. അനുദിനം സംസ്കാര സങ്കരം നടന്നുകൊണ്ടിരിക്കുന്ന നമ്മുടെ മാതൃഭാഷയുടെ വ്യാകരണവിധികളിൽ പലതിന്നും ചരിത്രപ്രാധാന്യമേ ഉള്ളുവെന്ന് ഞാനാവരികൾക്കു വേണ്ടി വാദിച്ചു നില്ക്കും. പക്ഷെ ഔചിത്യവിധികൾ അനുല്ലംഘനീയങ്ങൾ തന്നെയാണല്ലോ.

ഇതെഴുതുവാൻവേണ്ടി ഞാനെന്റെ പണിപ്പുരയിൽ പലതവണ പരതിനോക്കി. ഭാവരൂപങ്ങൾ ഒന്നിച്ചാണോ ജനിക്കുന്നത്? ഞാൻ മുമ്പുദാഹരിച്ച അനുഭവങ്ങൾ, മറിച്ചാണെന്ന ശങ്കയ്ക്ക് വഴിവെക്കുന്നില്ല. എന്നല്ല, എപ്പോഴെങ്കിലും ഒരു രൂപം കയ്യിൽവെച്ച് ഭാവത്തിന്നോ, ഭാവലബ്ധിക്കുശേഷം രൂപത്തിന്നോ തിരച്ചിൽ നടത്തിയതായി എനിക്കോർമ്മ യില്ല. അമൂർത്തമായ ആശയങ്ങൾക്കു മനസ്സു രൂപം കൊടുക്കുന്നു. അങ്ങിനെ, ഒരാശയം ജന്മമെടുക്കുന്നതോടുകൂടി കാവ്യരൂപവും സംജാതമാകുന്നു എന്ന്, മനോവിജ്ഞാനീയ ത്തിലുള്ള സ്വന്തം പാണ്ഡിത്യക്കുറവിനെ മറക്കാതെത്തന്നെ, സ്വാനുഭവം കൊണ്ട് പറയാ മെന്നായിട്ടുണ്ട്. പക്ഷെ ഭാവംപോലെ ത്തന്നെ രൂപവും സുവ്യക്താവയവ രേഖകളോടെ ഉദയം ചെയ്യുന്നു എന്നു പറയാൻ ഞാനാളല്ല.

ആരാധകന്മാരോ സ്നേഹിതന്മാരോ ഇല്ലാത്ത എന്റെ ഇപ്പോഴത്തെ പണിപ്പുരയ്ക്ക് ഒരു നാട്ടുമ്പുറത്തെ കരുവാന്റെ ആലയോടാണ് സാദൃശ്യം. ഞാൻ ശ്രദ്ധാപൂർവം ഒരു പേനക്കത്തി പണിതീർക്കുന്നു. വഴുതിവീണു കൊണ്ടിരിക്കുന്ന കണ്ണട ഇടക്കിടക്ക് ഉറപ്പിച്ചുകൊണ്ട് പലപാട് ഞാനത് തന്നെത്താൻ പരിശോധിക്കുകയാണെന്ന ഭാവത്തിൽ അതിന്റെ ചന്തം ആസ്വദിക്കുകയായി. പിന്നെ നല്ല 'ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി' എന്നില്ലേ, ഞാൻ തിരിഞ്ഞൊന്നു വിളിക്കും, 'എടോ, ഒന്നിങ്ങട്ടു വരൂ' ഉടുതുണിയിൽ കയ്യും തുടച്ച് എന്റെ കരുവാത്തി പ്രത്യക്ഷപ്പെടും – ഇംഗ്ലീഷ് കട്‌ലറികളിൽ എവിടെയോ ട്രെയിനിംഗ് കഴിച്ചു വന്ന ആളെപ്പോലെ, ആയമ്മ എന്റെ മനോഹരശില്പമെടുത്ത് തിരിച്ചും മറിച്ചും നോക്കുകയായി. ഒടുവിൽ സംതൃപ്തമായ ഭാവത്തോടെ അതിങ്ങു തിരിച്ചേല്പിക്കും, മിക്കവാറും ഇങ്ങിനെ ഒരഭിപ്രായ ത്തോടുകൂടി: 'എന്താ ഇത്ര സംശയിക്കാനുള്ളത്? ഇങ്ങിനെത്തന്നെയല്ലേ, ഒരു മടവാള്?'

ഞാൻ കുനിഞ്ഞ്, ഒന്നും മിണ്ടാതെ അതിന്മേൽ രണ്ടു തുടയ്ക്കൽ കൂടി തുടച്ച് അത് ആവശ്യക്കാർക്കു കൊടുക്കുകയും ചെയ്യും.